"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

വ്യവസായ(ജി) വകുപ്പ്

നമ്പർ 19/ജി2/2024/വ്യവ 03-02-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, എഫ്.ഐ.ടി

ചെയർപേഴ്സൺ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.ആർ.എൽ

സ്പെഷ്യൽ ഓഫീസർ, കെ.പി.പി.എൽ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്പ്

മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

സർ,

വിഷയം:- വ്യവസായ വകുപ്പ് - അഡ്മിനിസ്ട്രേറ്റിവ് സെക്രട്ടേറിയറ്റിലെ വ്യവസായ വകുപ്പിൽ വാണിജ്യത്തിനായി ഒരു പ്രത്യേക വിഭാഗവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ വാണിജ്യത്തിനായി ഒരു പ്രത്യേക ഡിവിഷനും രൂപീകരിക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് - സംബന്ധിച്ച്.

സൂചന:- 29/01/2024 ലെ സ.ഉ(കൈ) 5/2024/ID സർക്കാർ ഉത്തരവ്.

സൂചന പ്രകാരമുള്ള ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,
ഷീജ തങ്കപ്പൻ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Shabna.n
സെക്ഷൻ ഓഫീസർ
Date: 03-02-2024 12:17:36

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ വ്യവസായ വകുപ്പിൽ വാണിജ്യത്തിനായി ഒരു പ്രത്യേക വിഭാഗവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ വാണിജ്യത്തിനായി ഒരു പ്രത്യേക ഡിവിഷനും രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ(ബി)വകുപ്പ്**

സ.ഉ.(കൈ) നം.5/2024/ID    തീയതി,തിരുവനന്തപുരം, 29-01-2024

പരാമർശം:- 1) വ്യവസായ വാണിജ്യ ഡയറക്ടറുടെ 13-01-2023-ലെ ഡിഐസി/4516/2022-എംഎ-എം1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന പ്രധാന ലക്ഷ്യങ്ങളോടെ 2018-ൽ സർക്കാർ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ, 2023-ലെ കേരള വ്യവസായ നയത്തിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾക്കനുസൃതമായി കാര്യക്ഷമമാക്കേണ്ടതുണ്ടെന്നും വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക വാണിജ്യ വിഭാഗം/ഡിവിഷൻ സ്ഥാപിക്കുന്നത് സംസ്ഥാനത്തെ വാണിജ്യ മേഖലയിൽ ഉരുത്തിരിഞ്ഞു വരുന്ന സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഉചിതമായ ഒരു സംവിധാനം രൂപീകരിക്കുവാൻ സഹായിക്കുന്നതാണെന്നും നിർദ്ദേശിച്ചു കൊണ്ട് വ്യവസായ വകുപ്പിന് കീഴിൽ വാണിജ്യത്തിനായി പ്രത്യേക വിഭാഗം/ഡിവിഷൻ രൂപീകരിക്കുക വഴി കേരളത്തിലെ വാണിജ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള ആശയക്കുറിപ്പ് വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം 1 പ്രകാരം സമർപ്പിച്ചിരുന്നു.

2) വ്യവസായ വാണിജ്യ സംഘടനകളുടെ ആവശ്യം പരിഗണിച്ചും, നവകേരള സദസ്സിലെ പല വേദികളിലും ഈ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളത് കണക്കിലെടുത്തും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഘടനയോടും മാനദണ്ഡങ്ങളോടും കൂടി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ വ്യവസായ വകുപ്പിൽ വാണിജ്യത്തിനായി ഒരു പ്രത്യേക സെക്ഷനും വ്യവസായ വാണിജ്യ



Generated from eOffice by SHEFEEK A S, ASST (G2) IND, ASST (G2) IND, ID on 03/02/2024 02:55 PM

ഡയറക്ടറേറ്റിൽ വാണിജ്യത്തിനായി ഒരു പ്രത്യേക ഡിവിഷനും താഴെ പറയുന്ന പ്രകാരം രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3)<u>അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ വ്യവസായ വകുപ്പിൽ വാണിജ്യത്തിനായി ഒരു പ്രത്യേക സെക്ഷൻ</u>

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ വ്യവസായ വകുപ്പിന്റെ പേര് വ്യവസായ വാണിജ്യ വകുപ്പ് എന്ന് പുനർനാമകരണം ചെയ്യുന്നതാണ്. തദനുസരണമായി പ്രിൻസിപ്പൽ സെക്രട്ടറി-I, വ്യവസായ വകുപ്പ് എന്നത് അതത് സംഗതി പോലെ സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വാണിജ്യ വകുപ്പ് എന്ന് പുനർനാമകരണം ചെയ്യുന്നതാണ്.

(ബി) ഇപ്പോൾ നിക്ഷേപ പ്രോത്സാഹനം, കയറ്റുമതി പ്രോത്സാഹന പ്രവർത്തനങ്ങൾ മുതലായവയുടെ ചുമതല വഹിക്കുന്ന വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി [വ്യവസായ (ബി & ജെ) വകുപ്പുകൾ] നിർദ്ദിഷ്ട വാണിജ്യ വിഭാഗത്തിന്റെ വിഷയങ്ങൾ/ജോലികൾ കൂടി നിർവ്വഹിക്കേണ്ടതാണ്.

(സി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ നിർദിഷ്ട വാണിജ്യ വിഭാഗത്തിനു മാത്രമായി ഒരു അണ്ടർ സെക്രട്ടറിയെ നിയോഗിക്കേണ്ടതാണ്.

(ഡി) നിർദ്ദിഷ്ട വാണിജ്യ വിഭാഗത്തിനായി ഒരു സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റുമാർ, ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവരടങ്ങുന്ന ഒരു പ്രത്യേക സെക്ഷൻ സൃഷ്ടിക്കേണ്ടതാണ്.

(ഇ) മുകളിലെ (സി) ഇനവുമായി ബന്ധപ്പെട്ട്, നിർദ്ദിഷ്ട വാണിജ്യ വിഭാഗത്തിന് മാത്രമായി അണ്ടർ സെക്രട്ടറിയുടെ ഒരു തസ്തിക, പൊതുഭരണ വകുപ്പ് പുതുതായി വ്യവസായ വകുപ്പിന് അനുവദിക്കേണ്ടതും അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ തസ്തിക പുനർവിന്യാസത്തിലൂടെ ഈ അണ്ടർ സെക്രട്ടറി തസ്തികയിലേക്ക് നിയമനം നടത്തേണ്ടതുമാണ്. അണ്ടർ സെക്രട്ടറി തസ്തികയിൽ ഒരു ഉദ്യോഗസ്ഥനെ നിർദ്ദിഷ്ട വാണിജ്യ വിഭാഗത്തിന് മാത്രമായി വ്യവസായ വകുപ്പിൽ നിയമിക്കുന്നതുവരെ വ്യവസായ ബി & ജെ വകപ്പുകളുടെ ചുമതല നിലവിൽ വഹിക്കുന്ന അണ്ടർ സെക്രട്ടറി നിർദ്ദിഷ്ട വാണിജ്യ വിഭാഗത്തിന്റെ വിഷയങ്ങൾ/ജോലികൾ കൂടി നിർവ്വഹിക്കേണ്ടതാണ്.

(എഫ്) മുകളിലെ ഇനം (ഡി)-യുടെ സംഗതിയിൽ, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ നിർദ്ദിഷ്ട വാണിജ്യ വിഭാഗത്തിലെ സെക്ഷൻ ഓഫീസർ, അസിസ്റ്റന്റുമാർ, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമനങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിലെ



Generated from eOffice by SHEFEEK A S, ASST (G2) IND, ASST (G2) IND, ID on 03/02/2024 02:55 PM

തസ്തിക പുനർവിന്യാസം വഴി നടത്തേണ്ടതാണ്. 17.01.2022-ലെ സ.ഉ.(കൈ)നം.08/2022/പൊ.ഭ.വ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന് ഉത്തരവായിട്ടുള്ള ഒരു സെക്ഷൻ ഓഫീസറുടെയും രണ്ട് അസിസ്റ്റന്റുമാരുടെയും തസ്തിക, നിർദ്ദിഷ്ട വാണിജ്യ വിഭാഗത്തിന് അനുവദിക്കാവുന്നതാണ്.

(ജി) മുകളിലെ (എ), (സി), (ഡി), (ഇ), (എഫ്) എന്നീ ഇനങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് പൊതുഭരണ വകുപ്പ് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

4 ) <u>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ വാണിജ്യത്തിനായി പ്രത്യേക ഡിവിഷൻ</u>

(എ) സ്പെഷ്യൽ ഓഫീസർ, വാണിജ്യം - (ഐ.എ.എസ് കേഡറിൽ ഉള്ള ഒരു ഉദ്യോഗസ്ഥൻ)

(ബി) ജോയിന്റ് ഡയറക്ടർ (വാണിജ്യം) - 1 എണ്ണം

(സി) ഡെപ്യൂട്ടി ഡയറക്ടർ (വാണിജ്യം) - 1 എണ്ണം

(ഡി) മാനേജർ (വാണിജ്യം) (14 ജില്ലകളിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഒന്ന് വീതം) - 14 എണ്ണം

(ഇ) ക്ലറിക്കൽ സ്റ്റാഫ് (ഡയറക്ടറേറ്റിലെ വാണിജ്യ വിഭാഗത്തിൽ) - 2 എണ്ണം

(എഫ്) ക്ലറിക്കൽ സ്റ്റാഫ് (എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഒന്ന് വീതം) - 14 എണ്ണം

5) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ നിർദ്ദിഷ്ട വാണിജ്യ ഡിവിഷനിലെ മേൽ നിർദ്ദേശിച്ചിട്ടുള്ള തസ്തികകളിലേക്കെല്ലാം ഒന്നുകിൽ പുനർവിന്യാസം വഴിയോ അല്ലെങ്കിൽ നിലവിലുള്ള ജീവനക്കാരുടെ ജോലി/ചുമതല പുനർനിർണയിച്ച് നൽകിക്കൊണ്ടോ നിയമനം നടത്തേണ്ടതാണ്. ഐ.എ.എസ് കേഡറിലെ സ്പെഷ്യൽ ഓഫീസർ (വാണിജ്യം)-ത്തിന്റെ കാര്യത്തിൽ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ഓൾ ഇന്ത്യ സർവീസ് (എ.ഐ.എസ്) കേഡറിലെ ഒരു തസ്തിക സ്പെഷ്യൽ ഓഫീസറുടെ നിയമനത്തിനായി കണ്ടെത്തേണ്ടതുണ്ട്. ഈ തസ്തികയിലേക്കുള്ള നിയമനം ഐ.എ.എസ് ഉദ്യോഗസ്ഥരുടെ പുനർവിന്യാസം വഴിയോ അല്ലെങ്കിൽ ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ/ഉത്തരവാദിത്തങ്ങൾ

നൽകിക്കൊണ്ടോ നടത്തേണ്ടതാണ്. പൊതുഭരണ (എ.ഐ.എസ്) വകുപ്പ് ഇക്കാര്യത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ)/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ(എസ് സി) വകുപ്പ് (ഇനം നമ്പർ.2022 തീയതി 24-01-2024)
പൊതുഭരണ(സ്പെഷ്യൽ-ബി) വകുപ്പ് (19-07-2023-ലെ സ്പെഷ്യൽ ബി2/138/2023പൊഭവ പ്രകാരം)
പൊതുഭരണ(എ.ആർ/സർവീസസ്-എ/സർവീസ്-ഇ/സർവീസസ്-സി/ എസ് എസ്/ഏകോപന) വകുപ്പ് (ആവശ്യമായ സത്വര തുടർ നടപടികൾക്കായി)
പൊതുഭരണ(എഐഎസ്) വകുപ്പ്
ധനകാര്യ വകുപ്പ് (04-04-2023-ലെ ഐ&പിഡബ്ല്യുഎ1/34/2023-ധന പ്രകാരം)
സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
വ്യവസായ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി I, II/സെക്രട്ടറി/ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി-യുടെ പി.എ/സി.എ-ക്ക്
വ്യവസായ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ-ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
സെക്ഷൻ ഓഫീസർ
Date: 29-01-2024 16:32:14



Generated from eOffice by SHEFEEK A S, ASST (G2) IND, ASST (G2) IND, ID on 03/02/2024 02:55 PM